"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

നികുതി - എക്സൈസ് - ഭരണപരം - വയനാട് ഡിവിഷനിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ. ഉനൈസ്. കെ-യ്ക്ക് ട്രെയിനിങ്ങിൽ ഹാജരാകുന്നതിന് സമയം ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.422/2026/TAXES തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:- 1.എക്സൈസ് കമ്മീഷണറുടെ 23.04.2026 തീയതിയിലെ EXC/2266/2026-XE8 നമ്പർ കത്ത്.
2. ശ്രീ. ഉനൈസ് കെ സമർപ്പിച്ച 18.04.2026-ലെ അപേക്ഷ.

### ഉത്തരവ്

നിലവിൽ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്നതും, വയനാട് ഡിവിഷനിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ചതുമായ ശ്രീ. ഉനൈസ്. കെ-യ്ക്ക് പോലീസ് ട്രെയിനിങ്ങിനിടെ കാൽമുട്ടിന് പരിക്ക് പറ്റി നിലവിൽ ചികിത്സയിലാണെന്നും അതിനാൽ ടിയാനെ 22.04.2026-ൽ ആരംഭിച്ച പരിശീലന ബാച്ചിൽ നിന്നും ഒഴിവാക്കി അടുത്ത ബാച്ചിൽ ഉൾപ്പെടുത്തണമെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷിച്ചിട്ടുണ്ടെന്നും ടി അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കണമെന്നും എക്സൈസ് കമ്മീഷണർ പരാമർശം (1)പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടും ശ്രീ. ഉനൈസ്.കെ സമർപ്പിച്ചിട്ടുള്ള അപേക്ഷയും അതോടൊപ്പമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും പരിഗണിച്ച് ടിയാനെ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) യുടെ 22.04.2026-ൽ ആരംഭിച്ച പരിശീലന ബാച്ചിൽ നിന്നും ഒഴിവാക്കി അടുത്ത ബാച്ചിൽ പരിശീലനം നൽകുന്നതിനുതകും വിധം പ്രവേശന കാലം ദീർഘിപ്പിച്ച് നൽകി ഇതിനാൽ

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ. ഉനൈസ്. കെ, (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപൂരം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി (എഫ്1/153/2026-നികുതി).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 13-05-2026 18:34:36